
# ചങ്ങലകൾ പൊട്ടിക്കാൻ ഇനിയും...

(ഒരു പ്രസംഗത്തിനുവേണ്ടി രാജലക്ഷ്മി തയ്യാറാക്കിയ കുറിപ്പ്)


വെർജീനിയാവുൾഫ്

അവരുടെ 'A Room of one's Own and Five Hundred Pounds a Year'—വാസനയുള്ള ഒരു സ്ത്രീയുടെ പ്രഥമവും പ്രധാനവുമായ ആവശ്യം അതാണ്—വെർജീനിയാവുൾഫ് പറയുന്നതാണ്. നോവലുകളോടൊപ്പം പല നോവലുകളേയുംകാൾ കൂടുതൽ രസമായി വായിച്ചുപോകാവുന്ന ഒരു പുസ്തകമാണല്ലോ A Room of One's own. കഥകളെ മാറ്റി നിർത്തിയാലും അതൊരെണ്ണം എഴുതി എന്നതിൽ തന്നെ മിസ്സിസ് വുൾഫിന് അഭിമാനിക്കാം.


അപ്പോൾ ഒരു പേർപെറ്റ കാഥികയുടെ അഭിപ്രായത്തിൽ സാമ്പത്തിക പരതന്ത്രത ഇല്ലാതിരിക്കുകയാണ് പ്രധാനം. ജെയിൻ ഓസ്റ്റിനെപറ്റി സംസാരിക്കുമ്പോൾ ആണ് ഈ പ്രസ്താവം വന്നിരിക്കുന്നത്.


ഡോസ്റ്റോവ്സ്കി

ഒന്നാം കിടക്കാരോടൊപ്പം സംശയം കൂടാതെ കസേര ഇട്ടു് ഇരിക്കാം എന്ന് കാലം വിധിച്ചു കഴിഞ്ഞിട്ടുള്ള ജെയിൻ ഓസ്റ്റിൻ, ഒരിക്കലും ഒരു കാമുകിയോ ഭാര്യയോ അമ്മയോ ആകാതെ മരിച്ച ആ പാതിരിയുടെ മകൾ—'പെർസുവേഷ'നിലെ ക്യാപ്റ്റൻ വെന്റ് വെർത്ത് അവരുടെ ജീവിതത്തിലെ ഒരേടിൽ നിന്നാണ് എന്നൊരു പക്ഷം ഉള്ളത് മറക്കാതെ തന്നെ ഇത്രയും എഴുതിയത്—ഡോസ്റ്റോവ്സ്കിയുടെ കൊടുമ്പിരിക്കൊണ്ട വികാരാവേഗമോ ടോൾസ്റ്റോയിയുടെ ഉദാത്തമായ ജീവിതവീക്ഷണമോ കൂടാതെ ഒരഞ്ചാറ് സാധാരണ കഥാപാത്രങ്ങളെ വെച്ചുകൊണ്ട് അഞ്ചാറ് ഒന്നാംതരം പുസ്തകങ്ങളെഴുതി നൂറ്റ നൂറ്റയ്മ്പതു് കൊല്ലങ്ങൾക്കുശേഷവും ഇന്നും ജീവിക്കുന്ന ജെയിൻ ഓസ്റ്റിൻ.


ടോൾസ്റ്റോയി

സാമ്പത്തിക പരതന്ത്രത ഇല്ലായിരുന്നു എങ്കിൽ—ശല്യം കൂടാതെ ഇരുന്നെഴുതാൻ ഒരു മുറിയും ആരുടേയും അനുവാദം ചോദിക്കാതെ ഇഷ്ടംപോലെ ചിലവു ചെയ്യാൻ ഒരു വരുമാനവും—അല്ല, വരുമാനം ഉണ്ടാക്കാനുള്ള സ്വാതന്ത്ര്യവും—ഉണ്ടായിരുന്നെങ്കിൽ അവരിലും ഒരുപക്ഷേ, ഒരു ഷെയ്ക്സ്പിയർ വളർന്നുവരുമായിരുന്നു എന്നാണ് മിസ്സിസ് വുൾഫ് സമർത്ഥിച്ചുകൊണ്ടു വരുന്നത്.


ഷെയ്ക്സ്പിയർ

ഇതു് ഒന്നരനൂറ്റാണ്ടു് മുമ്പിലത്തെ കാര്യമാണ്—സ്ത്രീക്ക് സ്വതന്ത്രമായ ഒരു വരുമാനം ഉണ്ടായിക്കൂടാ, അതുണ്ടാക്കുവാൻ സ്ത്രീ ശ്രമിക്കുകയും ചെയ്തു കൂടാ എന്നു ശഠിച്ചിരുന്ന കാലത്തെ. ഇന്ന് വരുമാനമുള്ള സ്ത്രീകൾ ഉണ്ട്. വരുമാനമുണ്ടാക്കുന്ന തൊഴിലുകളിൽ ഏർപ്പെടുന്ന സ്ത്രീകളും ഉണ്ട്. അപ്പോൾ—അക്കഥ നിൽക്കട്ടെ. സ്ത്രീ നോവലിസ്റ്റുകൾ അല്ലല്ലോ ചർച്ചാവിഷയം.

സാമ്പത്തിക പരാധീനത ഒരാളുടെ സാഹിത്യപ്രവർത്തനത്തെ സാരമായി ബാധിക്കും. അത് തീർച്ച. കുറച്ചെങ്കിലും അന്തസ്സായി ജീവിക്കണമെങ്കിൽ എഴുത്തല്ലാതെ വേറൊരു തൊഴിൽ കൂടി ശീലിച്ചെങ്കിലേ ഒക്കു എന്നുള്ള സ്ഥിതിയാണ്. ജീവനോപായം ഉണ്ടാക്കുക എന്നതാണ് പ്രാഥമികാവശ്യം. എഴുത്തല്ല മറ്റതാണ് ജീവനോപാധിയായ തൊഴിൽ. അപ്പോൾ ബൗദ്ധവും ശാരീരികവുമായ കഴിവ് കൂടുതൽ ആ വഴിക്ക് ഒഴുകിയെങ്കിലേ ഒക്കൂ. ഏറ്റ തൊഴിൽ മാനമായി ചെയ്യുന്ന ബദ്ധപ്പാടിനിടയിൽ ഒളിച്ചും കട്ടും കിട്ടുന്ന നിമിഷങ്ങൾ വേണം ഉള്ളിന്റെ ഉള്ളിൽ സർവ്വപ്രധാനം എന്നു കരുതുന്ന തൊഴിലിനുവേണ്ടി ചിലവാക്കാൻ എന്നുള്ള അവസ്ഥ മാറണമെങ്കിൽ എഴുത്ത് എന്ന ജോലി കാര്യമായി എടുക്കുന്ന ഒരാൾക്ക് മിടുക്കുണ്ടെങ്കിൽ അതുകൊണ്ടുതന്നെ സാമാന്യം അന്തസ്സായി ജീവിക്കാൻ കഴിയും എന്ന ഒരു കാലം വരണം.

നല്ല പ്രതിഫലം കിട്ടണം. പുസ്തകം അച്ചടിച്ചാൽ വിറ്റകാശ് സമയത്തിന് കിട്ടണം. അതിനും വിൽപ്പനക്കാരോട് അടികൂടാൻ പോകണം എന്ന നില മാറണം.

എഴുത്ത് നല്ല വരുമാനം ഉള്ള ഒരു തൊഴിൽ ആണ് എന്ന നില വന്നു കഴിഞ്ഞിട്ടുള്ള സായിപ്പിന്റെ നാട്ടിൽ നോവലുകൾ അത്രയേറെ മെച്ചപ്പെട്ടവയാണോ ഇപ്പോൾ? അത് വേറൊരു ചോദ്യം. നമ്മുടെ നാട്ടിൽ അത് ഇന്നൊരു പ്രശ്നമല്ല.

19-ാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലേയും റഷ്യയിലേയും നോവലുകളുടെ വളർച്ചയേ നമ്മുടെ നോവലിന് ഇന്നുള്ളു. അതത്രയേ ഉണ്ടാവാൻ തരമുള്ളുവല്ലോ. നമ്മുടെ ഇന്നത്തെ സാമൂഹ്യവും ആർത്ഥികവുമായ പ്രശ്നങ്ങൾ ആ നാട്ടിൽ അന്നുണ്ടായിരുന്നവയോട്ട് സാദൃശ്യമുള്ളവ ആണല്ലോ.

അവിടെ നടക്കുന്ന പുതിയ പരീക്ഷണങ്ങൾ ഇവിടെ ഇല്ലല്ലോ എന്ന് പരാതിപ്പെട്ടിട്ട് എന്തു കാര്യം? നാലുകാലിൽ ഇഴഞ്ഞു്, പിടിച്ചു് നിന്ന് ഓരോ അടിയായിവെച്ചു് ഇങ്ങനെ ബുദ്ധിമുട്ടി വളർന്നെങ്കിലേ അടിയുറയ്ക്കൂ.

പടിഞ്ഞാറ നിന്ന് ഒരു റെഡിമെയ്ഡ് സംസ്കാരം അങ്ങനെത്തന്നെ വിലക്കെടുത്തിട്ട് എന്തു ഗുണം? അതല്ലേ വാസ്തവത്തിൽ നമ്മുടെ നാട്ടിൽ ഇന്നു വളരെ നാഷണൽ ലബോറട്ടറികൾ ഉണ്ടായിട്ടും കാര്യമായിട്ട് ഒന്നും നടക്കാത്തതിന്റെ പിന്നിൽ ഉള്ളത്. Ampire-മാരും ലപോസിയേമാരും വളർന്ന ഇടത്തേ ഐൻസ്റ്റെൻമാരും ഡിബ്രോഗ്ലിമാരും ഉണ്ടാകൂ. ഇരുണ്ട ഇടനാഴിയിൽക്കൂടി തപ്പിത്തടഞ്ഞു ചെന്നിട്ടു വേണം ശ്രീകോവിലിന്റെ വാതിൽ തള്ളിത്തുറക്കാൻ.

മനസ്സ് എന്ന ആ അടികാണാത്ത കടൽ, പായലിനടിയിൽ അതിന്റെ മുത്തുകൾ ഒളിപ്പിച്ചുകൊണ്ട് നമ്മുടെ മുമ്പിൽ ഉണ്ട്. മുകൾപ്പരപ്പിൽ കപ്പലോടിച്ചു പോയതുകൊണ്ട് ആയില്ല. അതിന്റെ നിഗൂഢമായ അഗാധതകളിലേക്ക് മുങ്ങാങ്കുഴിയിട്ട് പൊങ്ങിയതുകൊണ്ടും ആയില്ല. അവിടെ സാവകാശം നിന്ന് പതുക്കെ ചുറ്റും നോക്കണം. അവിടത്തെ അഴകുകൾ കാണലും അപകടങ്ങൾ നേരിടലും. Shin Diving[1] എന്ന ഒരു ഇടപാടിനെപ്പറ്റി വായിച്ചിട്ടുണ്ട്. പ്രത്യേക ഉടുപ്പും Mask-ഉം ഉണ്ടെങ്കിൽ കടലിനടിയിലേക്ക് അങ്ങുചെന്നാൽ മണിക്കൂറുകൾ അവിടെ കഴിയാമത്രെ. എന്തൊരു സാധ്യതകൾ—അതിനുള്ള കാലം വരും.

---

1. Shin Diving എന്നതിനെപ്പറ്റി ഒരു വിവരവും ലഭിക്കാനില്ല. ഒരു പക്ഷേ, സ്കൂബ ഡൈവിങ് ആയിരിക്കാം ലേഖിക ഉദ്ദേശിച്ചതും എഴുതിയതും, പകർപ്പുകളിൽ മാറിപ്പോയതായിരിക്കാം സായാഹ്ന പ്രവർത്തകർ.

പരാതിപ്പെടാതെ മുറുമുറുക്കാതെ നമ്മളാൽ ആവുന്നതു് ചെയ്യാം. ചെറിയ സംഭാവനയും വിലപ്പെട്ടതാണ്. അത്രയ്ക്കു് ദാരിദ്ര്യമുണ്ടല്ലോ ഇവിടെ. നാം വിയർപ്പുകൊണ്ടു് വളമിടുന്ന ഈ മണ്ണ് കാലത്തിന്റെ കൈയിൽപെട്ടു് ഊഷര ഭൂമിയാകുകയാണെങ്കിൽ ആവട്ടെ. അന്നു നമുക്ക് അതിനെക്കുറിച്ചു് കരയാം. അന്ന് ചൂടുള്ള പ്രശ്നങ്ങൾ ഉണ്ടാവില്ലല്ലോ. സ്വൽപ്പം പരിഹാസത്തിൽ പൊതിഞ്ഞ പരിദേവനങ്ങൾ മാത്രം മതിയാകും അന്ന്. ഇന്നതുപോരല്ലോ. ചങ്ങലകൾ പൊട്ടിക്കാൻ ഇനിയും ബാക്കിയുണ്ടല്ലോ.

□

